[Mr. C. A. Ouseph]

കൊണ്ടുനടന്നു് ഉപകാരപ്രദമായ ചികിത്സകരം വേണമെന്നുള്ള അഭിപ്രായം ചിലരിൽ ഉണ്ടു്. അതും ഗവൺമെണ്ടിന്റെ അടുക്കൽ വരുന്നുണ്ടു്. അങ്ങിനെയുള്ള കാര്യങ്ങരംക്കൊക്കെ ഉറപ്പുതരുന്നതിനു് ഇപ്പോരം നിവൃത്തിയില്ലെന്നു മാത്രമെയുള്ളു. അതുകൊണ്ടു് ഈ റസല്യൂഷൻ പിൻവലിക്കുവാൻ ബഹുമാനപ്പെട്ട വനിതാമെമ്പറോടാവശ്യപ്പെടുന്നു.

ഡോക്ടർ മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: സർ, എന്റെ ഈ പ്രമേയത്തിലെ ഉള്ളടക്കം കൊച്ചിരാജ്യത്തിലുള്ള എല്ലാ വില്ലേജുകളിലും ഡിസ്പെൻസറി ആവശ്യമാണെന്നുള്ളതിനെപ്പറ്റിയാണു്. ബഹുമാനപ്പെട്ട മന്ത്രി അവർകരം ഈ കാര്യത്തിൽ വേണ്ടിടത്തോളം മനസ്സുവെച്ചു് പ്രവൃത്തിക്കാം എന്നു ഉറപ്പു തന്നതുകൊണ്ടു ഞാൻ ഈ പ്രമേയം ഇവിടെ പ്രസ്സു് (Press) ചെയ്യണമെന്നുദ്ദേശിക്കുന്നില്ല. പിന്നെ രണ്ടുവാക്കു കൂടി പറയുവാനുണ്ടു്. ബഹുമാനപ്പെട്ട കന്നംകരം മെമ്പർ ഫ്രാൻസിസ്സു് ഡിസ്പെൻസറി മുഖേന വില്ലേജുകളിൽ ചികിത്സ നടത്തിയാൽ മതിയെന്നുള്ള അഭിപ്രായം പറയുകയുണ്ടായി. അതുകൊണ്ടുമാത്രം വില്ലേജുകളിലെ സാധുജനങ്ങളുടെ രോഗനിവാരണത്തിനു് ശമനം ഉണ്ടാകുമെന്നു തോന്നുന്നില്ല. എന്നാൽ എന്റെ അഭിപ്രായം വില്ലേജുകളിൽ പെർമനന്റായി (Permanent) ഒരു ഡിസ്പെൻസറിയും അതിൽ ഒരു ഡോക്ടരും, ഒരു കൊമ്പൌണ്ടരും, ഒരു മിഡ്വൈഫും വേണമെന്നുള്ളതാണു്. ഞാൻ ഈ പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

Resolution, by leave, withdrawn.

Resolutions 14 to 17 were not moved

RESOLUTION No. 18

Recruitment to the Public Service Commission

മിസ്റ്റർ പി. കെ. കൃഷ്ണൻ കുട്ടിമേനോൻ: *This Assembly recommends to Government that recruitment to the services of the State by the Public Service Commission according to the communal ratio be made for each Department separately.* സർ, ഞാൻ ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളതിന്റെ ഉദ്ദേശം സർക്കാർ ഉദ്യോഗങ്ങളിൽ നിയമനം നടത്തുന്ന പബ്ലിക് സർവ്വീസ്സു് കമ്മീഷൻ (Public Service Commission) ഇപ്പോരം സ്വീകരിച്ചിരിക്കുന്നി സമുദായ പ്രാതിനിധ്യതത്വങ്ങളോടു കൂടി തന്നെ, അതിനു യാതൊരു കോട്ടവും തട്ടാത്ത വിധത്തിൽ തന്നെ, ഓരോ ഡിപ്പാർട്ടുമെണ്ടുകളിലേക്കും നിയമനം നടത്തണമെന്നുള്ളതിനെപ്പറ്റിയാണു്. ഇപ്പോഴത്തെ സമ്പ്രദായപ്രകാരം ഓരോ ഡിപ്പാർട്ടുമെണ്ടുകളിൽ വരുന്ന ഒഴിവുകളിലേക്കു് പബ്ലിക്കു് സർവ്വീസ്സു് കമ്മീഷൻ വഴിക്കു് ഈ നിയമനം നടത്തുമ്പോരം, ആ ഡിപ്പാർട്ടുമെണ്ടിൽ തന്നെ കൂടുതൽ കാലം ജോലി ചെയ്തിട്ടുള്ള ഒരാളെ മറെറാരു ഡിപ്പാർട്ടുമെണ്ടിലേക്കും നിയമിക്കുന്നതുകൊണ്ടു് ഉദ്യോഗസംബന്ധമായ കാര്യങ്ങളിൽ കാര്യക്ഷമത കുറഞ്ഞു പോകുന്നുണ്ടു്. ഇങ്ങിനെ പരിചയമില്ലാത്ത ഡിപ്പാർട്ടുമെണ്ടിൽ, പുതിയതായിട്ടു് ഒരാളെ നിയമിക്കുമ്പോരം അയാരംക്കു് ആ ജോലിയിൽ ശ്രദ്ധകുറയുമെന്നു മാത്രമല്ല, അതിൽ കൂടുതൽ പരിചയം കിട്ടുന്നതിനും അവസരം കിട്ടുന്നില്ല. അതു ഇല്ലാതെ യാക്കുന്നതിനു വേണ്ടി ഓരോ കാലത്തേക്കും വരുന്ന ഒഴിവുകരം നേരത്തേ തന്നെ കണക്കാക്കി അതിലേക്കു് സാമുദായിക പ്രാതിനിധ്യം അനുസരിച്ചു് നിയമനങ്ങരം നടത്തുകയാണെങ്കിൽ ഇന്നത്തേക്കാരം കൂടുതലായി ജോലികരംക്കു് കാര്യക്ഷമതയുണ്ടാകുന്നതാണു്. അതു ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽപെടുത്തുവാൻ വേണ്ടിയാണു് ഞാൻ ഈ പ്രമേയം കൊണ്ടുവന്നിരിക്കുന്നതു്. എന്റെ അറിവു്, മദ്രാസ്സു് സർവ്വീസ്സു് കമ്മീഷൻ രൂപകരം അനുസരിച്ചല്ല നമ്മുടെ സർവ്വീസ്സു കമ്മീഷൻ നിയമനം നടത്തുന്നതു്. നേരേ മറിച്ചു് ഓരോ ഡിപ്പാർട്ടുമെണ്ടിലേക്കുള്ള ഒഴിവുകരം കാലേ കൂട്ടി തന്നെ മനസ്സിലാക്കി നിയമനങ്ങരം നടത്തുകയാണു് മദ്രാസ്സിലും മറെറ പ്രവശ്യകളിലും ചെയ്തു വരുന്നതു് ഇപ്പോരം നമ്മുടെ പബ്ലിക്കു് സർവ്വീസ്സു് കമ്മീഷന്റെ രൂപകരം എതാണ്ടു് ശരിപ്പെടുത്തിവരുന്ന സമയമാണു്. അതുകൊണ്ടു് മദ്രാസ്സിലും മറെറ പ്രവശ്യകളിലുമുള്ള രൂപകരംമനസ്സിലാക്കി ഓരോ ഡിപ്പാർട്ടുമെണ്ടുകളിലേക്കും നിയമനം നടത്തുകയാണെങ്കിൽ കൂടുതൽ കാര്യക്ഷമതയുണ്ടാകുമെന്നുള്ളതാണു് എനിക്കു് പറയുവാനുള്ളതു്. ഇത്രമാത്രം പറഞ്ഞുകൊണ്ടു് ഞാൻ ഈ പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

Mr. P. K. Dewer *(Labour):* May I know, Sir, whether the resolution has been seconded.

Mr. President: The Hon. Minister explained that it may not be necessary to move the resolution.

Mr. C. A. Ouseph *(Minister for Education and Public Health):* I explained the position in order that moving and seconding of the resolution may not be necessary.

Mr. P. K. Krishnankutty Menon *(Vellarappilly):* In view of the Government's reply I am not pressing the resolution.

Resolution, by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly